(ബി) പുതുതലമുറയെ നെൽകൃഷിയിലേയ്ക്ക് ആകർഷിക്കുന്നതിന് വകുപ്പിന്റെ നേതൃത്വത്തിൽ നടത്തുന്ന പദ്ധതികളെക്കുറിച്ചുള്ള വിശദവിവരങ്ങൾ ലഭ്യമാക്കാമോ?

തരിശുനിലം കൃഷി ചെയ്യുന്നതിലേക്കായി സുഭിക്ഷകേരളം പദ്ധതിയിൽ യുവജനങ്ങൾക്ക് അംഗമാകാവുന്നതാണ്. ഹെക്ടറിന് 40,000 രൂപ നിരക്കിൽ തരിശ് നെൽകൃഷി ചെയ്യുന്നതിനായി ധനസഹായം നൽകുന്നുണ്ട്. കൂടാതെ മറ്റ് നെൽകൃഷി പദ്ധതികളിലും യുവജനങ്ങൾക്ക് മുൻഗണന നൽകുന്നുണ്ട്.

(സി) കുറ്റ്യാടി മണ്ഡലത്തിലെ അരി ഉൽപാദനം പരിഗണിച്ച് അവിടെ അരിമിൽ നിർമ്മിക്കാനുള്ള പദ്ധതി പരിഗണനയിലുണ്ടോ; വ്യക്തമാക്കാമോ?

ഉണ്ട്. തോടന്നൂർ ബ്ലോക്കിൽ 2017-18 വർഷത്തിൽ നെൽകൃഷി വികസന പദ്ധതി പ്രകാരം 15.51 ലക്ഷം രൂപ അനുവദിച്ച് റൈസ് മിൽ സ്ഥാപിച്ചിട്ടുണ്ട്.

മണലൂർ മണ്ഡലത്തിലെ നെൽവിത്ത് സംഭരണം

31 (4419) ശ്രീ. മുരളി പെരുനെല്ലി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെൽവിത്ത് സംഭരണവുമായി ബന്ധപ്പെട്ട് കഴിഞ്ഞ വർഷം മണലൂർ മണ്ഡലത്തിലെ ഏതെല്ലാം പാടശേഖരങ്ങളിൽനിന്നും വിത്ത് സംഭരിച്ചുവെന്നും ഓരോ പാടശേഖരത്തിൽനിന്നും എത്ര കിലോ വിത്ത് വീതമാണ് സംഭരിച്ചതെന്നും അറിയിക്കാമോ?

2020-21 മുണ്ടകൻ വിളക്കാലത്ത് മണലൂർ മണ്ഡലത്തിലെ കണ്ടാണശ്ശേരി കൃഷിഭവനിലെ ആളൂർ പാടശേഖരസമിതി ഉൽപാദിപ്പിച്ച 147.390 ടൺ നെൽവിത്ത് കേരള സംസ്ഥാന വിത്ത് വികസന അതോറിറ്റി സംഭരിച്ചു.

(ബി) ഏതെല്ലാം ഇനം വിത്തുകളാണ് സംഭരിച്ചത്; വ്യക്തമാക്കുമോ?

ഉമ സർട്ടിഫൈഡ് നെൽവിത്ത്.

(സി) നെൽവിത്ത് സംഭരണത്തിന്റെ മാനദണ്ഡങ്ങൾ എന്തെല്ലാമാണ്; അറിയിക്കുമോ?

കേന്ദ്ര സർക്കാരിന്റെ വിത്ത് നിയമം 1966, വിത്ത് ചട്ടങ്ങൾ 1968 എന്നിവയിലെ വ്യവസ്ഥകൾക്കനുസരിച്ച് കൃഷി വകുപ്പിന്റെ രജിസ്റ്റേർഡ് വിത്തുൽപാദന പദ്ധതി പ്രകാരം തെരഞ്ഞെടുക്കപ്പെട്ട പാടശേഖരസമിതികൾ/വ്യക്തിഗത കർഷകർ എന്നിവരിൽനിന്നും കൃഷിഭവനുകൾ മുഖേന വിത്തുസംഭരണം നടത്തുന്നു. ശാസ്ത്രീയമായ രീതിയിൽ വിത്തുൽപ്പാദന പ്രക്രിയയിൽ ഏർപ്പെട്ടിരിക്കുന്ന നെൽപ്പാടങ്ങളിൽ

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

നിർദ്ദിഷ്ട മൂന്ന് ഫീൽഡ് പരിശോധനകൾ കൃഷി ഭവൻ ഉദ്യോഗസ്ഥർ നടത്തി ഉൽപാദിപ്പിച്ച നെൽവിത്തിന്റെ സാമ്പിളുകൾ സംസ്ഥാന വിത്ത് പരിശോധന ലാബിൽ ഗുണനിലവാര പരിശോധനയ്ക്കായി ബ്ലോക്ക്തല കൃഷി അസിസ്റ്റന്റ് ഡയറക്ടർ അയയ്ക്കുന്നു. ഇങ്ങനെ അയച്ച വിത്ത് പരിശോധന നടത്തി ലഭിച്ച റിപ്പോർട്ടുകളെ അടിസ്ഥാനപ്പെടുത്തി ഗുണനിലവാരമുള്ള നെൽ വിത്തുകൾക്ക് കൃഷി ഡയറക്ടറുടെ വിത്ത് വിതരണ/വിൽപനാനുമതി പത്രം കൃഷി അഡീഷണൽ ഡയറക്ടർ പുറപ്പെടുവിക്കുന്നു. ഈ അനുമതി പത്രത്തിന്റെ അടിസ്ഥാനത്തിൽ കേരള സംസ്ഥാന വിത്തുവികസന അതോറിറ്റി പ്രസ്തുത പാടശേഖര സമിതി, നെൽകർഷകർ എന്നിവരിൽനിന്നും നെൽവിത്ത് സംസ്കരിച്ച് സംഭരിച്ച് വിതരണം ചെയ്യുന്നു.

(ഡി) സംഭരിച്ച വിത്തിന്റെ വില മുഴുവനും കൊടുത്തുതീർത്തിട്ടുണ്ടോ എന്നും കുടിശ്ശികയുണ്ടെങ്കിൽ കുടിശ്ശിക തുക എത്രയാണെന്നും അറിയിക്കാമോ;

(ഇ) കുടിശ്ശിക കൊടുത്തുതീർക്കാൻ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോയെന്ന് അറിയിക്കാമോ?

(ഡി&ഇ) സംഭരിച്ച നെൽ വിത്തിന്റെ വില മുഴുവനും 23-7-2021 തീയതിയോടെ കർഷകരുടെ ബാങ്ക് അക്കൗണ്ടുകളിലേയ്ക്ക് നൽകിയിട്ടുണ്ട്.

നെൽകൃഷി പ്രോത്സാഹനം

32 (4420) ശ്രീ. എ. പ്രഭാകരൻ: താഴെ കാണുന്ന ചോദ്യത്തിന് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്തെ നെല്ല് ഉല്പാദനം വർദ്ധിപ്പിക്കുന്നതിനായി കൃഷി വകുപ്പ് മുഖാന്തരം നെൽ കർഷകർക്ക് എന്തെല്ലാം ആനുകൂല്യങ്ങളും സഹായങ്ങളുമാണ് നൽകിവരുന്നതെന്ന് വിശദമാക്കാമോ?

സംസ്ഥാന സർക്കാരിന്റെ നെൽകൃഷി വികസന പദ്ധതി, ജനകീയാസൂത്രണം വഴി നടപ്പിലാക്കുന്ന വിവിധ നെൽകൃഷി വികസന പദ്ധതികൾ, കേന്ദ്രാവിഷ്കൃത പദ്ധതികളായ ദേശീയ ഭക്ഷ്യ സുരക്ഷാ പദ്ധതി, രാഷ്ട്രീയ കൃഷി വികാസ് യോജന എന്നിവയിലൂടെ നെൽകൃഷിയുടെ വിസ്തൃതിയും ഉല്പാദനവും വർദ്ധിപ്പിക്കാനും സംസ്ഥാനത്ത് ഭക്ഷ്യ സ്വയംപര്യാപ്തത കൈവരിക്കാനുംവേണ്ടിയുള്ള വിവിധ പദ്ധതികൾ കൃഷി വകുപ്പ് നടപ്പിലാക്കിവരുന്നു.